**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1341** **18-01-2021 - ൽ മറുപടിയ്ക്ക്**

**വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നതിന് മുഖ്യമന്ത്രി സന്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര കത്തുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്കായി പഠിക്കാനുള്ള പാഠങ്ങൾക്കപ്പുറം നമ്മുടെ പ്രകൃതിയെ, കാലത്തെ, ലോകത്തെ ഒക്കെ അറിഞ്ഞു വളരേണ്ടതിന്റെയും ജീവിതത്തെ പഠിക്കുവാൻ സഹായിക്കുന്ന ചിന്തകളും പങ്കുവയ്ക്കുന്നതിനായി 'ജീവിതപാഠം' 'പാഠത്തിനപ്പുറം' എന്നീ ലഘുലേഖകൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ലഘു ലേഖകൾ പ്രിന്റ് ചെയ്ത് നൽകിയത് പൊതുവിദ്യാഭ്യാസ വകുപ്പല്ല. ടി സാഹചര്യത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പല വിദേശ രാജ്യങ്ങൾ ഉൾപ്പെടെ കടലാസ് രഹിതമാകുന്ന സാഹചര്യത്തിൽ ഈ സന്ദേശം പ്രചരിപ്പിക്കുന്നതിന് ഭീമമായ അളവിൽ കടലാസ് ഉപയോഗിക്കേണ്ടിവന്നത് ഈ ആശയത്തിന് തന്നെ വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഇല്ല. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത അതിന്റേതായ പ്രാധാന്യത്തോടെ കുട്ടികളിൽ എത്തിക്കുന്നതിനുവേണ്ടിയാണ് 'ജീവിതപാഠം' 'പാഠത്തിനപ്പുറം' എന്നീ ലഘുലേഖകൾ വിതരണം ചെയ്തത്. |

സെക്ഷൻ ഓഫീസർ